I/129435/2023

**ആരോഗ്യവകുപ്പ് അഡിഷണൽ ഡയറക്ടർ (എ & ടി ) യുടെ നടപടിക്രമം തിരുവനന്തപുരം**

വിഷയം: ആ.വ.ഡ—ജീവനക്കാര്യം—01.01.2011മുതൽ31.12.2012വരെ കാലയളവിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – 2/ഇൻസെക്ട് കളക്ടർ/ഫീൽഡ് അസിസ്റ്റന്റ് ജീവനക്കാരുടെ താൽക്കാലിക സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) സ.ഉ. (സാധ) നം. 2797/2018/ആ.കു.വ തീയതി 12.09.2018

2) ഉത്തരവ് നം. ഇ. എസ്1-14462/2015/ആ.വ.ഡ തീയതി 06.11.2018

3) ഉത്തരവ് നം. ഇ. എസ്1-20074/2010/ആ.വ.ഡ, തീയതി. 27.04.2013

4) ജി ഒ(ആർ.ടി ) നം.1181/2023/ആകുവ തീയതി 18/05/2023

5) ഇഎസ്1-1431/2018 ആവഡ തീയതി 31/05/2022

6) സർക്കാർ കത്ത് നം.സി2/203/2023/ആ കു വ തീയതി 25/10/2023

**ഉത്തരവ് നം. ഇ.എസ്1/9528/2023/ആ.വ.ഡ/തീയതി :29-12-2023**

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I I സീനിയോറിറ്റി പട്ടിക എപ്രകാരമാണ് തയ്യാറാക്കേണ്ടത് എന്ന വിഷയത്തിന്മേൽ ഒ.പി (കെ. എ. ടി) നം. 31, 32 & 135/2015 ന്മേൽ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 02.03.2018 ലെ പൊതുവിധിന്യായത്തിന് എതിരെ ബാധിക്കപ്പെട്ടവർ S.L.P (C ) 12363/2018 പ്രകാരം ബഹു. സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തിരുന്നു. ആയതിന്മേൽ ബഹു. സുപ്രീംകോടതിയുടെ 27.07.2018 ലെ ഉത്തരവിൽ ഏത് ഉദ്യോഗക്കയറ്റവും S.L.P(C)No.12363/2018 ലെ അന്തിമ വിധിക്ക് വിധേയമായിരിക്കുമെന്ന് വ്യക്തമാക്കിയിരുന്നു. (Any promotion shall be subject to out come of the appeal).

പരാമർശം (1) ലെ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരിന്റെ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് (HIC/MPW) യോഗ്യതയുള്ളവരെ പാർട്ട് (1) ൽ ഉൾപ്പെടുത്തിയും സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് (SIC) യോഗ്യതയുള്ളവരെ പാർട്ട് (2) ൽ ഉൾപ്പെടുത്തിയും 01.01.1997 മുതൽ 31.03.2000 വരെ കാലയളവിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I I തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക പരാമർശം (2) ലെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

01.04.2000 മുതൽ 31.10.2007 വരെ കാലയളവിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I I തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക, നിരവധി കോടതി വ്യവഹാരങ്ങൾ നിലനിന്നിരുന്നതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ സെൽ രൂപീകരിച്ച് combined സീനിയോറിറ്റി പട്ടികയായി പരാമർശം 3 പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. തുടർന്ന് സൂചന 5 പ്രകാരം സർക്കാർ നിർദ്ദേശാനുസരണം 1-11-2007മുതൽ 31-12-2010വരെയുള്ള കാലയളവിലെcombined സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചിരുന്നു.

എന്നാൽ ബഹു. KAT യിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള OA. 33/ 2021, OA(EKM) No. 203/2021 എന്നിവയിലെ അന്തിമ ഉത്തരവിലും ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള OP(KAT)No.97/2023 ലെ ഇടക്കാല ഉത്തരവിലും1-4-2000 മുതലുള്ള സീനിയോറിറ്റി പട്ടിക

പുന:നിർണ്ണയിക്കുവാൻ നിർദ്ദേശിച്ചിരുന്നു. മേൽ സൂചന 6 പ്രകാരം 2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 01.01.2011 മുതൽ 31.12.2012 വരെ കാലയളവിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – 2/ഇൻസെക്ട് കളക്ടർ/ഫീൽഡ് അസിസ്റ്റന്റ് ജീവനക്കാരുടെ താൽക്കാലിക സീനിയോറിറ്റി പട്ടിക ഇതിനാൽ പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികയിന്മേൽ ആക്ഷേപങ്ങൾ ഉള്ള പക്ഷം ആയവ ഈ പട്ടിക പ്രസിദ്ധീകരിച്ച 10 ദിവസത്തിനകം ബന്ധപ്പെട്ട രേഖകൾ സഹിതം ഉചിത മാർഗ്ഗേണ ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങൾ ഒന്നും ഇല്ലായെന്ന നിഗമനത്തിൽ പട്ടിക അന്തിമമാക്കുന്നതാണ്. അതിനു ശേഷം ലഭിക്കുന്ന അപേക്ഷകളിന്മേൽ പട്ടികയിൽ കൂട്ടിച്ചേർക്കലുകളോ തിരുത്തലുകളോ നടത്തുന്നതല്ല.

പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Signed by
DR. JAYASREE V Dr. Jayasree V
Date: 29-12-2023 10:41:20
ADDITIONAL DIRECTOR OF HEALTH SERVICES

**അഡിഷണൽ ഡയറക്ടർ (എ & ടി )**

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് :
1. ജില്ലാ മെഡിക്കൽ ആഫീസർമാർ (ആരോഗ്യം)
2. ആരോഗ്യ വകപ്പ് ഡയക്ടറുടെ വെബ്സൈറ്റ്
3. സൂപ്രണ്ട്, ഇ.ജി സെക്ഷൻ
4. ഫയൽ / കരുതൽ ഫയൽ